പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.805

30.6.2011ൽ മറുപടിക്ക്

## അനധികൃത പാടം നികത്തലും മണ്ണെടുപ്പും

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേരള നെൽവയൽ നീർത്തട നിയമങ്ങളെ അട്ടിമറിച്ചുകൊണ്ട് റിയൽ എസ്റ്റേറ്റ് മാഫിയ നടത്തുന്ന അനധികൃത പാടം നികത്തലും മണ്ണെടുപ്പും വീണ്ടും സജീവമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ജില്ലകളിലെ റവന്യൂ-പോലീസ് ഉദ്യോഗസ്ഥർ തെരഞ്ഞെടുപ്പ് ജോലികളിൽ വ്യാപൃതരായിരുന്ന സമയത്ത് വർദ്ധിച്ച തോതിൽ പാടം നികത്തലും മണ്ണെടുപ്പും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനെതിരെ നൽകുന്ന പരാതികൾ റവന്യൂ അധികാരികൾ പരിശോധിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ ലഭിയ്ക്കുന്ന പരാതികൾക്ക് മുന്തിയ പരിഗണന കൊടുത്ത് നടപടികൾ സ്വീകരിക്കണം എന്നതാണ് ഗവൺമെന്റ് നയം. മിക്ക ജില്ലകളിലും അനധികൃത നിലം നികത്തലും മണ്ണെടുപ്പും തടയുവാൻ പ്രത്യേക സ്ക്വാഡുകൾ തന്നെ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി)ഭൂമാഫിയകളുടെ കൈയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുമോ ? | (സി) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ